പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:804 28.09.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ബോഡി നിർമ്മാണം

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ

ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ബസ്സുകളുടെ സമയ വിവരം എസ്.എം.എസ്.വഴി നൽകുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) | **M-Governance** പദ്ധതിയിലൂടെയാണ് ബസ്സുകളുടെ സമയവിവരം ലഭ്യമാക്കുന്നത്. പൊതുജനങ്ങൾക്ക് മൊബൈൽ ഫോണിലൂടെ SMS വഴി ബസ്സുകളുടെ സമയം അറിയുവാൻ കഴിയുന്ന ഒരു പദ്ധതിയാണ് **M-Governance** -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലേക്കുള്ള എല്ലാ ഉയർന്ന ക്ലാസ് സർവ്വീസുകളുടെയും പ്രധാനപ്പെട്ട ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെയും സമയ വിവര പട്ടിക ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥനത്തിനകത്തുള്ള എല്ലാ ബസ് സ്റ്റേഷനുകളിൽ നിന്നുമുള്ള ഇത്തരം ബസുകളുടെ സമയവിവര പട്ടിക ലഭ്യമാകുന്നതോടൊപ്പം ബാംഗ്ലൂർ, മംഗലാപുരം, കോയമ്പത്തൂർ, മധുര, നാഗർകോവിൽ, കന്യാകുമാരി തുടങ്ങിയ അന്തർ സംസ്ഥാന സർവ്വീസുകളുടെ വിവരങ്ങളും |

| | | | |
|---|---|---|---|
| | | | SMS-ലൂടെ ലഭ്യമാകുന്നു. KSRTC എന്ന് ടൈപ്പ് ചെയ്ത ശേഷം സ്ഥലനാമങ്ങളുടെ ചുരുക്കപ്പേരുകൾ 537252 എന്ന നമ്പരിലേക്ക് SMS അയക്കുമ്പോൾ സമയ വിവര പട്ടിക ലഭ്യമാകും.<br>ഉദാ. **KSRTC TVM EKM** |
| (സി) | യാത്രക്കാരന് എസ്.എം.എസ്. അയക്കുകവഴി എത്ര രൂപ യുടെ സാമ്പത്തിക ബാധ്യത യുണ്ടാകുമെന്ന് കണക്കാക്കി യിട്ടുണ്ടോ ; | (സി) | BSNL വഴിയുള്ള SMS-ന് രണ്ട് (2) രൂപയും, മറ്റ് മൊബൈൽ സർവ്വീസിന് മൂന്ന് (3) രൂപയുമാണ് യാത്രക്കാരന് ചെലവാകുന്നത്. |
| (ഡി) | മൊബൈൽ ഫോൺ കമ്പനി കൾക്ക് ഇതുവഴി ലാഭമുണ്ടാ കുന്നുണ്ടോ എന്ന് നിരീക്ഷി ച്ചിട്ടുണ്ടോ ; | (ഡി) | കേരള ഗവൺമെന്റിന്റെ I.T. Department IT Mission മുഖേന KSRTC-യിൽ നടപ്പിലാക്കിയ പ്രസ്തുത സംരംഭത്തിന്റെ റവന്യൂ ഷെയറിംഗിൽ SMS മുഖേന ഫോൺ കമ്പനിയ്ക്ക് ലഭിക്കുന്ന തുകയുടെ 15% തുല്യമായി വീതിച്ച് IT Mission-നും ബന്ധപ്പെട്ട വകുപ്പിനും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.<br>സെപ്റ്റംബർ മാസം രണ്ടാം തീയതി മുതൽക്കാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്. ആയതിനാൽ മൊബൈൽ കമ്പനികളുടെ ലാഭം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (ഇ) | ടോൾ ഫ്രീ നമ്പറുകൾ പോലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉപഭോക്താവിന് സൗജ ന്യമായി വിവരം നൽകുന്ന ഒരു സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) | ഇപ്പോൾ അത്തരത്തിലുള്ള ഒരു സംവിധാനം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ